# MADRASA SIRAJUL ULOOM U P SCHOOL

Anayiduck,Kannur 670003




# ACADEMIC MASTER PLAN

# 2025-26

# ഉള്ളടക്കം

1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. ചരിത്രം, പശ്ചാത്തലം
4. നിലവിലെ അവസ്ഥാവിശകലനം
5. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്
6. ലക്ഷ്യങ്ങൾ (പ്രതീക്ഷിത നേട്ടങ്ങൾ)
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ
9. മോണിറ്ററിംഗ്
10. ഉപസംഹാരം

11. എസ്.ആർ.ജി യോഗങ്ങളിൽ സജീവമായ ചർച്ച ഉറപ്പുവരുത്തുക
12. ഐ.സി.ടി. പരിശീലനം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക
13. വിവിധ വിഷയങ്ങളുടെ അധ്യാപനത്തിൽ ഐ.സി.ടി. സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക. ഇതിനായി അധ്യാപകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുക
14. ഓരോ വിഷയത്തിലും പിന്നാക്കക്കാരെ കണ്ടെത്തി പ്രത്യേക ശ്രദ്ധയും പരിശീലനവും നൽകുക.
15. ടേം മൂല്യ നിർണ്ണയങ്ങളിൽ ഉയർന്ന ഗ്രേഡ് നിലവാരത്തിലെത്താൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
16. ഓരോ യൂണിറ്റും ലക്ഷ്യമിടുന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുന്ന തരത്തിൽ ക്ലാസ് റൂം പ്രക്രിയകൾ ആസൂത്രണം ചെയ്യുക.
17. ഭിന്നശേഷി നിലവാരത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം ലഭിച്ച അധ്യാപക സഹായം ലഭ്യമാക്കുക.
18. CWSN വിദ്യാർത്ഥികൾക്കായി പ്രത്യേക വർക്ക് ഷീറ്റുകൾ, മൂല്യ നിർണ്ണയ ടൂളുകൾ എന്നിവ സജ്ജമാക്കുക.
19. എൽ.എസ്.എസ്/യു.എസ്.എസ്. പരീക്ഷകൾക്കായി പ്രത്യേക പരിശീലനം നൽകുക.
20. മറ്റ് മത്സര പരീക്ഷകൾ, പ്രശ്നോത്തരി എന്നിവക്ക് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുക.
21. പഠനോപകരണങ്ങളുടെ അവസരോചിതമായ ഉപയോഗം ഉറപ്പുവരുത്തുക.

# മദ്രസ സിറാജുൽ ഉലൂം യു.പി.സ്കൂൾ
## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
## അക്കാദമിക മാസ്റ്റർ പ്ലാൻ (AMP)

### ആമുഖം

സംസ്ഥാന സർക്കാർ സമൂഹ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന പ്രത്യേക പദ്ധതികളിൽ പ്രധാനപ്പെട്ടതാണല്ലോ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. പൊതുവിദ്യാലയങ്ങളെ മികവിന്റെ പാതയിലൂടെ പടിപടിയായി അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക എന്നതാണ് ഈ ബൃഹത് യജ്ഞത്തിന്റെ ആത്യന്തിക ലക്ഷ്യം. ഇതിനായി ഓരോ വിദ്യാലയവും സമഗ്ര വിദ്യാലയ വികസന പദ്ധതി നേരത്തെ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ പ്രധാനമായും വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുക എന്നതിനാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. അതോടൊപ്പം വിദ്യാലയത്തിന്റെ അക്കാദമിക നിലവാരവും നിശ്ചിത നിലവാരത്തിലേക്കുയർത്തേണ്ടതുണ്ട്. അതിനായുള്ള കാഴ്ചപ്പാടുകൾ, ലക്ഷ്യങ്ങൾ, സ്വപ്നങ്ങൾ, പ്രവർത്തന പദ്ധതികൾ എന്നിവയൊക്കെ ഉൾക്കൊണ്ട് കൊണ്ടുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ആവശ്യമാണ്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | മദ്രസ സിറാജുൽ ഉലൂം യു.പി സ്കൂൾ |
| വിലാസം | : | ആനയിടുക്ക്<br>കണ്ണൂർ സിറ്റി- പി.ഒ<br>കണ്ണൂർ- 670003 |
| ഫോൺ | : | 0497 2732033 |
| ഇ-മെയിൽ | : | msuups@gmail.com |
| സ്കൂൾ കോഡ് (UDISE) | : | 32020100716 |
| വിദ്യാഭ്യാസ ഉപജില്ല | : | കണ്ണൂർ വടക്ക് |
| വിദ്യാഭ്യാസ ജില്ല | : | കണ്ണൂർ |
| റവന്യൂ ജില്ല | : | കണ്ണൂർ |
| വില്ലേജ് | : | കണ്ണൂർ |
| തദ്ദേശ സ്ഥാപനം | : | കണ്ണൂർ കോർപ്പറേഷൻ |
| ബി.ആർ.സി | : | കണ്ണൂർ വടക്ക് |
| സി.ആർ.സി | : | ജി.എൽ.പി.എസ് തായത്തെരു |
| മാനേജർ | : | |
| ഹെഡ്മാസ്റ്റർ | : | ലസിന. കെ |

## ചരിത്രം, പശ്ചാത്തലം

കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ 'അറക്കൽ' വാർഡിൽ ആനയിടുക്ക് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് മദ്രസ സിറാജുൽ ഉലൂം യു.പി.സ്കൂൾ (M.S.U.U.P.School) പ്രദേശത്തെ വിദ്യാഭ്യാസ വീക്ഷണനായിരുന്ന മർഹൂം സൈദ് ഹബീബ് കോയ തങ്ങളാൽ 1928–ൽ സ്ഥാപിതമായ ഈ വിദ്യാലയം മംഗലാപുരം-ഷൊർണ്ണൂർ റെയിൽ പാതയുടെ ഓരം ചേർന്ന് സ്ഥിതിചെയ്യുന്നു. തൊട്ടടുത്ത് ലെവൽ ക്രോസുണ്ട്. കണ്ണൂർ നഗരത്തിലെ ജനസാന്ദ്രതയേറിയതും, പൊതുവെ സമ്പന്നവുമായ പ്രദേശമാണിത് മാതൃഭാഷയിൽ അധ്യയനം നടക്കുന്ന ഈ വിദ്യാലയത്തിന് തൊട്ടടുത്തായി രണ്ട് ഇംഗ്ലീഷ് മീഡിയം അൺഎയ്ഡഡ് വിദ്യാലയങ്ങളും, 200 മീറ്റർ മുതൽ 500 മീറ്റർ വരെ ദൂരപരിധിയിൽ അര ഡസനോളം പൊതുവിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്.

# വിദ്യാലയം, മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

കേരള സർക്കാർ നടപ്പാക്കിവരുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന് വലിയ തോതിലുള്ള ജനപിന്തുണയാണ് ലഭിച്ചുവരുന്നത്. നമ്മുടെ നാട്ടിലെ കുട്ടികളേയും, രക്ഷിതാക്കളേയും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറ്റേണ്ടതുണ്ട്. അതിന് ഉതകുന്ന വിധത്തിൽ, നിലവിലുള്ള പരിമിതികൾ അതിജീവിച്ചുകൊണ്ട് പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു വിദ്യാലയമാക്കി നമ്മുടെ സ്കൂളിനെ മാറ്റുക എന്നതാണ് കാഴ്ചപ്പാട്. മതിയായ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളിലും, വാഹനങ്ങളിൽ വിദൂരത്തുള്ള സ്കൂളുകളിലും കുട്ടികളെ അയക്കുന്ന പതിവ് ഉപേക്ഷിച്ച് അയൽപക്ക വിദ്യാലത്തിലേക്ക് തന്നെ കുട്ടികളെ അയക്കാൻ നാട്ടുകാർ സന്നദ്ധമാകണം. അതിനവരെ പ്രേരിപ്പിക്കുന്ന തരത്തിൽ വിദ്യാലയത്തെ മാറ്റിയെടുക്കണം.

## ലക്ഷ്യങ്ങൾ

### എ) അക്കാദമിക നിലവാരം (പാഠ്യവിഷയങ്ങൾ സംബന്ധിച്ച്)

1. മുഴുവൻ വിദ്യാർത്ഥികൾക്കും പഠന സാമഗ്രികൾ സൗജന്യമായി വിതരണം ചെയ്യുക.

2. മുഴുവൻ വിദ്യാർത്ഥികൾക്കും ശിശു സൗഹാർദ്ദപരമായ രീതിയിൽ ക്ലാസ് മുറികൾ സജ്ജമാക്കുക.

3. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് ഫലപ്രദമായ രീതിയിൽ ലഭ്യമാക്കുക.

4. യു.പി. ക്ലാസുകളിലെ മുടങ്ങിപ്പോയ അറബി- ഉറുദു ഭാഷാപഠനം പുനരാരംഭിക്കുക.

5. രാഷ്ട്രഭാഷയിൽ ആശയ വിനിമയശേഷി കൈവരുത്തുന്നതിനുള്ള അവസരമൊരുക്കുക.

6. ശാസ്ത്ര വിഷയങ്ങളിൽ പ്രഗത്ഭരുടെ പ്രത്യേക ക്ലാസുകൾ ലഭ്യമാക്കുക. (ആവശ്യകത അനുസരിച്ച്, നിശ്ചിത ഇടവേളകളിൽ)

7. എല്ലാ വിഷയങ്ങൾക്കും ആവശ്യമായ വർക്ക് ഷീറ്റുകൽ അധ്യാപകർ തയ്യാറാക്കി ഉപയോഗപ്പെടുത്തുക.

8. മലയാള ഭാഷയിൽ എഴുതാനും വായിക്കാനും, സർഗാത്മക രചനകളിൽ ഏർപ്പെടാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

9. ഗണിതത്തിലെ ചതുഷ്ക്രിയകളിൽ ഊന്നിയുള്ള പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ പ്രാപ്തരാക്കുക.

10. നിരന്തര മൂല്യനിർണ്ണയം കുറ്റമറ്റതാക്കുക.

22. പൊതുവിദ്യാഭ്യാസ വകുപ്പ്, എസ്.എസ്.എ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രത്യേക പരിശീലന പരിപാടികൾ, മേളകൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുക.

23. അധ്യാപക പരിശീലനങ്ങളിൽ മുഴുവൻ അധ്യാപകരും മുടക്കം കൂടാതെ പങ്കെടുക്കുകയും, പരിശീലനങ്ങളിലൂടെ ആർജ്ജിച്ച അറിവുകളും, തന്ത്രങ്ങളും ക്ലാസ് മുറികളിലെത്തിക്കുകയും ചെയ്യുക.

ബി) അക്കാദമിക നിലവാരം (പാഠ്യേതര വിഷയങ്ങൾ)

1. കലാപഠനത്തിന് പ്രത്യേക സംവിധാനമൊരുക്കുക. ചിത്രകല, സംഗീതം, അഭിനയം, മാജിക് എന്നിവയിൽ വിദഗ്ദ്ധരുടെ പരിശീലനം ലഭ്യമാക്കുക.

2. കരകൗശല വസ്തുക്കൾ, കളിക്കോപ്പുകൾ എന്നിവയുടെ നിർമ്മാണ പരിശീലനത്തിന് പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുക

3. 5, 6, 7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ ആഭിമുഖ്യം വളർത്തുന്ന തരത്തിലുള്ള പ്രത്യേക പരിശീലനം-ചോക്ക്, സോപ്പ്, കുട, മെഴുകുതിരി തുടങ്ങിയവയുടെ നിർമ്മാണം.

4. പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ നിർമ്മാണവും ഉപയോഗവും പ്രോത്സാഹിപ്പിക്കുക.

5. നീന്തൽ, യോഗ, കളരി എന്നിവയിൽ പ്രത്യേക പരിശീലനം.

6. ദേശീയാഘോഷങ്ങൾ, ദിനാചരണങ്ങൾ എന്നിവയോടനുബന്ധിച്ച് വൈവിധ്യമാർന്ന പരിപാടികളൊരുക്കുക.

7. നിശ്ചിത ഇടവേളകളിൽ പഠനയാത്രകൾ, വിനോദയാത്രകൾ, ക്യാമ്പുകൾ സംഘടിപ്പിക്കുക.

8. ദിനാചരണങ്ങളോടനുബന്ധിച്ച് റാലികൾ, പോസ്റ്റർ രചന, ഗൃഹസന്ദർശന - ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

9. പ്രാദേശിക ചരിത്ര രചന പോലുള്ള വിവരശേഖരണം, സർവ്വേകൾ, പ്രൊജക്ടുകൾ എന്നിവയിൽ എല്ലാ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക.

10. അത്‌ലറ്റിക്സ്, ഗെയിംസ് ജനങ്ങളിൽ പ്രത്യേക പരിശീലനവും സബ്ജില്ലാ തല മത്സരങ്ങളിലും മേളകളിലും പങ്കെടുപ്പിക്കലും ആവശ്യമായ പരിശീലന സാമഗ്രികൾ ഉറപ്പുവരുത്തുക.

സി) സാമൂഹിക പങ്കാളിത്തം

1. അധ്യാപക രക്ഷാകർതൃ സംഘടന, സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് (S.S.G) വിദ്യാലയ വികസന സമിതികൾ എന്നിവ സക്രിയമാക്കുക. നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് അക്കാദമിക നിലവാരം വിലയിരുത്തുകയും പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക.

2. സി.പി.ടി.എ. യോഗങ്ങളിൽ മുഴുവൻ രക്ഷാകർത്താക്കളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ചർച്ചകൾക്ക് അവസരമൊരുക്കുകയും ചെയ്യുക.

3. പൂർവ്വ വിദ്യാർത്ഥികളുടെയും, അഭ്യുദയകാംക്ഷികളുടെയും കൂട്ടായ്മ രൂപപ്പെടുത്തി, അക്കാദമിക ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുള്ള പിന്തുണ ഉറപ്പുവരുത്തുക.

4. സ്കൂളിൽ നടക്കുന്ന ആഘോഷങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, ക്യാമ്പുകൾ, ശിൽപശാലകൾ തുടങ്ങിയവയിൽ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സാന്നിദ്ധ്യവും സഹകരണവും ഉറപ്പുവരുത്തുക.

5. രക്ഷിതാക്കൾക്കും, നാട്ടുകാർക്കുമായി മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവത്ക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക.

6. ലൈബ്രറി ശാക്തീകരണത്തിന് രക്ഷിതാക്കൾ, മറ്റഭ്യുദയകാംക്ഷികൾ എന്നിവരുടെ പിന്തുണ ഉറപ്പാക്കുക. രക്ഷിതാക്കൾക്കായി 'വായന ഇടം' ഒരുക്കുക.

7. സ്കൂൾ വാർഷികത്തോടനുബന്ധിച്ച് രക്ഷിതാക്കൾക്കും മത്സര ഇനങ്ങൾ നടത്തുക.

8. യുവജന സംഘടനകൾ, ക്ലബ്ബുകൾ എന്നിവരുടെ സഹകരണത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക.

9. അക്കാദമിക ലക്ഷ്യങ്ങൾക്കനുസരിച്ച് ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് വിവിധ തലങ്ങളിൽ നിന്നുള്ള സഹായവും, പിന്തുണയും ഉറപ്പുവരുത്തുക.

10. CWSN വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ കൂട്ടായ്മ ഉണ്ടാക്കി പ്രത്യേക പരിശീലനങ്ങൾ, സഹായങ്ങൾ എന്നിവ അവർക്ക് ലഭ്യമാക്കുക.

11. MLA/MP/LSG ഫണ്ടുകൾ സമാഹരിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാമൂഹിക പിന്തുണ ഉറപ്പുവരുത്തുക.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. ശാസ്ത്രപോഷണ പരിപാടി
5. വായന പരിപോഷണം
6. ലൈബ്രറി ശാക്തീകരണം
7. ലബോറട്ടറി വികസനം
8. പഠന യാത്രകൾ
9. കലാ-കായിക പരിശീലനം
10. ഐ.ടി. പരിശീലനം
11. പി.ടി.എ. സജീവമാക്കൽ
12. കയ്യെഴുത്ത് മാസിക തയ്യാറാക്കൽ
13. മെഡിക്കൽ ക്യാമ്പ്
14. ശിൽപശാലകൾ (ഒറിഗാമി, കരകൗശല വസ്തു, അലങ്കാര തയ്യൽ മുതലായവ)
15. സൈക്കിൾ സവാരി, നീന്തൽ, യോഗ പരിശീലന ക്യാമ്പുകൾ.
16. നക്ഷത്ര നിരീക്ഷണം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025

ക്ലാസ് ഒന്ന്

സ്കൂൾ: മദ്രസ സിറാജുൽ ഉലൂം യുപി സ്കൂൾ

കണ്ണൂർ നോർത്ത് ഉപജില്ല

ക്ലാസ് അധ്യാപിക:- ഷിൻസി. എം

ഫോൺ നമ്പർ:- 8157037824

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാട്ടരങ്ങ് വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ മന്ത്രി തന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് കുരുന്നെഴുത്തുകൾ എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിറുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്കു എത്തുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തനപദ്ധതി തയാറാക്കുന്ന രീതിയിലാണ് കഴിഞ്ഞവർഷം അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സാധ്യായ ദിനങ്ങൾ പ്രതീക്ഷിച്ച പോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യ-

മായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഉദ്ദേശങ്ങൾ ആവശ്യമാണ്. നിരന്തരവിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയാറാക്കുന്ന രീതിയിലാണ് അവലംബിക്കുന്നത്. ഓരോ മാസവും ക്ലാസ് പിടിഎയിൽ ചർച്ച ചെയ്യുന്നതിനും സഹായകം ഇതാണ്.

# അവസ്ഥാ വിശകലനം

കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ.

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ എട്ട് കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി, അംഗനവാടി അനുഭവമുള്ളവർ ആറു പേരാണ്. അതിഥിത്തൊഴിലാളികളായ രക്ഷിതാക്കളുടെ മക്കൾ മൂന്നുപേരാണ്. ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരായി ആരും തന്നെയില്ല.

മുൻ വർഷത്തെ പ്രധാന നേട്ടങ്ങൾ.

1. എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ തിരിച്ചറിയാൻ സാധിക്കുന്നു. (പഠനവൈകല്യം നേരിടുന്നവർ ഉൾപ്പെടെ).
2. പഠനവൈകല്യം നേരിടുന്ന കുട്ടികൾ ഒഴികെ മറ്റെല്ലാ കുട്ടികളും സ്വന്തമായി എഴുതാനും വായിക്കാനും സാധിച്ചു.
3. രചനോത്സവത്തിലും വായനോത്സവത്തിലും കുട്ടികൾ മികവ് പ്രകടമാക്കി.
4. ~~സ്വന്തമായി~~ വാർഷിക പരീക്ഷയിൽ കുട്ടികൾ സ്വന്തമായി വായിച്ച് ഉത്തരങ്ങൾ എഴുതി.
5. വളരെ മികച്ച രീതിയിൽ കുട്ടികൾ സംയുക്തഡയറി എഴുതി.

നേരിട്ട പ്രശ്നങ്ങൾ.

1 മലയാളം പാഠഭാഗങ്ങൾ കൂടുതലായിരുന്നു.

2. ഒരേസമയം പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കും മറ്റു കുട്ടികൾക്കും പ്രവർത്തനങ്ങൾ നൽകാനോ ശ്രദ്ധിക്കാനോ സാധിച്ചില്ല.

3. കുഞ്ഞെഴുത്തിലും പാഠപുസ്തകത്തിലും പ്രവർത്തനങ്ങൾ കൂടുതലാണ്.

വാർഷികലക്ഷ്യങ്ങൾ

1. ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ പാട്ടുകൾ എന്നിവ വാചികമായി പങ്കുവെക്കുന്നതിന് കഴിവ് നേ ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.

2. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.

3. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.

4) ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള

കഴിവ് നേടുക.

5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.
6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.
7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.
8. ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അടിക്കനരേഖ രൂപപ്പെടുത്തുക.

വാർഷിക ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതിന് പ്രതിമാസ ലക്ഷ്യങ്ങൾ അനിവാര്യമാണ്. എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ മാസവും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന രീതിയാണ് പിന്തുടരുന്നത്.

## ജൂൺ മാസത്തെ പ്രധാന ലക്ഷ്യങ്ങൾ

1 പൂർണ പങ്കാളിത്തമുള്ള ക്ലാസ് പി ടി എ ഉറപ്പാക്കുക.
2. എല്ലാ കുട്ടികൾക്കും സ്വതന്ത്ര ഭാഷണത്തിന് അവസരം നൽകുക.
3. രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചുകേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക.
4. വായിച്ചുകേട്ട കഥ ക്ലാസിൽ ആശയചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥക്കളി എല്ലാ ദിവസവും ഉച്ചനേരത്ത് ക്ലാസിൽ നടത്തുക

5. ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനക്കാർഡുകളുടെ വായന
6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക.
7. ഓരോ കുട്ടിയെയും പ്രധാന പഠനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക.
8. പ്രതിമാസ ഡിജിറ്റൽ പോർട്ട് ഫോളിയോ ക്യൂ ആർ കോഡിന്റെ സഹായത്തോടെ രക്ഷിതാക്കൾക്ക് ലഭ്യമാക്കുക.
9. എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസമില്ലാതെ നടുത്തളത്തിൽ വന്ന് അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക,
10) ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

**ജൂൺ മാസ പ്രവർത്തനങ്ങൾ**

1. പൂർണ്ണപങ്കാളിത്ത ക്ലാസ് പിടിഎ
2. വായനോത്സവവും കഥാവേളയും.
3. ഒന്നൊരുക്കം (സന്നദ്ധതാ പ്രവർത്തനങ്ങൾ).
4. വായനക്കാർഡുകൾ.
5. സംയുക്ത വിലയിരുത്തൽ

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം
ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണ ക്യാമ്പ് | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| | 3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ. | |

# English

# Academic Master Plan

Aim : To speak, read, write English without any mistakes
Develop LSRW skills in children
Lend Your Ear - Easily making students read, speak, write.
[ July ]

Follow Me If You can ! Giving training according to the instructions
Breaking News - Listening to the Radio, good pronounciation skills
[June]

I too can !! Giving Reading Cards (from simple to complex)

Missing Man - Record conversation between Teachers and students
Giving Opportunity for all students to participate [ August ]
Treasure Hunt - Taking things from the box, and making read and think and say something about the topic taken from the box [November]

Aim : Creative thinking Reading
(Intensive & Extensive)
Learning Ladder - Taking words from each chapter, and finding their meanings and Glossary making.
[September]

One Man show - Giving Topic and give a chance for one-act play

Reader's Theatre - Radio drama
(Once in a Term)

Finding the reader of the month giving Appreciation.
(Monthly Once)

Aim : Writing without any mistakes
Making students in a group
Chart Writing
Fun Time - fun activities, Comic giving proverbs, stories
[In all english period]

Aim
Raising Confidence :

Meet the Foreigner -
Meeting the foreigner, having a chance to speak with others.

(Once in a Year)

Picture reading, quiz, riddles book review, Assembly from school, Speech, radio in school etc.

(July & Aug)

Make word web, chain Sentence, make words, make riddles, conversations, develop story, letter, Notice, proclamation, Announcement, magazine, description Sentence making.

(Sep - Oct - Nov)

LSRW, whole skill developing attaining confidence for the next class. Word Bank, Sentence Bank development.

(Jan - Feb -)

# അക്കാദമിക മാസ്റ്റർ പ്ലാൻ

## IInd STD

# മലയാളം

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും അനായാസേനയുള്ള വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* താളം, ഈണം, ഭാവം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു (കവിതാ പൂരണം).

## മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ മേഖലകളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു
* കുട്ടിയുടെ നിലവിലുള്ള അറിവ്, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്ക കുട്ടിക്ക് ലഭ്യമാകുന്നതിനുള്ള അവസരമൊരുക്കുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

| ജൂൺ | ജൂലൈ | ഓഗസ്റ്റ് |
|---|---|---|
| • ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)<br>• ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>• വായനാ സാമഗ്രികൾ നിർമ്മിക്കൽ<br>• വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ. | • ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉപയോഗിക്കുന്നു.<br>• ദിനാചരണങ്ങളെ ഇതുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉപയോഗിക്കുന്നു.<br>• സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. | • ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>• രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ<br>• ഡിജിറ്റൽ ലൈബ്രറി ഒരുക്കൽ<br>• ചിത്ര വിവരണം.<br>• വായന മൂലയിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു. |

| സെപ്റ്റംബർ | ഒക്ടോബർ | നവംബർ |
| --- | --- | --- |
| • വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>• വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>• വായിച്ചകഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>• വായിച്ച കഥാപാത്രങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ | • ലേഖനങ്ങൾ വായിച്ചു തോന്നിയ കാര്യങ്ങൾ സംഭാഷണങ്ങൾ ഉചിതമായ ശബ്ദം ആശയത്തിൽ വായിക്കാനായി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ<br>• വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.<br>ഉദാ: അമ്മ വഴികാട്ടി കുട്ടികളുടെ വഴികാട്ടി | • കുട്ടികളിൽ സ്വന്തമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു |
| ഡിസംബർ | ജനുവരി | ഫെബ്രുവരി |
| • ഭാഷയുടെ വിവിധ തലങ്ങളിൽ ആസ്വദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിത്വത്തെ വികസിപ്പിക്കാൻ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു. | • വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ചെയ്യുന്നു (കവിതാ പൂരണം)<br>• ലഘുവിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ | • എല്ലാ മേഖലയിലും കുട്ടികളെ പങ്കെടുക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്താൻ (ആലാപനം. ലേഖനം, എഴുത്ത്)<br>• കുട്ടികളിൽ സ്വന്തമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ |

## മാർച്ച്

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
- ഇംഗ്ലീഷ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിയും ഓരോ പതിപ്പുകൾ തെരഞ്ഞെടുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ
- ദൃശ്യവായന, കൂട്ടുവായന, നാട്യവായന, ആശയവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# ഗണിതം

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളുടെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിവ ചെയ്യാനുമുള്ള ശേഷി ഉറപ്പാക്കൽ.
* സംഖ്യാബോധവും ക്രിയാശേഷികളും ഉള്ളവരിലും ശ്രദ്ധകൊടുക്കുന്നതിന്.
* ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്ന ലക്ഷ്യമുണ്ട് (100 വരെ)
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത രീതിയിൽ ഉത്തരങ്ങൾ കണ്ടെത്താൻ കഴിയും എന്ന മേഖലയിൽ എത്തിച്ചേരൽ
* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തുന്നത്.

## മുന്നൊരുക്കം

* ഗണിതാശയങ്ങളിൽ കൂടി കൈവരിച്ച നിലവാരത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നു.

## പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു.

| ജൂൺ | ജൂലൈ |
| --- | --- |
| • 1, 2, 3, 4 .....<br>1, 3, 5, 7 .....<br>10, 20, 30, 40 .....<br>തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>• ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ. | • ഒരു കൂട്ടം വസ്തുക്കളെ രണ്ട് തുല്യ ഭാഗങ്ങളാക്കി മാറ്റി കൂട്ടം വസ്തുക്കൾ ചേർത്ത് കൂട്ടി കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി അതിന്റെ എണ്ണം പറയൽ.<br>• ഗണിത കിറ്റ് പ്രയോഗം കളികളിലും ഉപയോഗിക്കൽ<br>• പത്തിന്റെയും അഞ്ചിന്റെയും കൂട്ടങ്ങൾ ചേർത്ത് വരുന്ന സംഖ്യകൾ തിരിച്ചറിയൽ (5+5=10, 10+10=20) |
| ഓഗസ്റ്റ് | സെപ്റ്റംബർ |
| • വിവിധ പാറ്റേണുകൾ സൃഷ്ടിക്കൽ<br>• സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.<br>99 നോട് 1 കൂട്ടിയാൽ 100<br>10 പത്തുകൾ ചേർന്നാൽ 100<br>100 ഒന്നുകൾ ചേർന്നതാണ് 100<br>• രണ്ടക്കസംഖ്യകളും / പാഠ്യേതര ഗണിതാശയങ്ങളിൽ ഉൾക്കൊള്ളുന്ന പ്രശ്നങ്ങൾ പ്രവർത്തനങ്ങൾ കണ്ടെത്തൽ | • ഗണിത കിറ്റിലെ സാധനങ്ങൾ നിർമ്മിച്ച് പാഠഭാഗത്തെ പ്രവർത്തനം പരിശീലിക്കൽ<br>• ദിനാചരണ പതിപ്പ് തയ്യാറാക്കൽ<br>• ക്ലാസിലെ കുട്ടികളുടെ പങ്കാളിത്തത്തോടെ ഗണിതാശയങ്ങൾ പ്രോജക്ടിലൂടെ മനസ്സിലാക്കൽ. |

| ഒക്ടോബർ | നവംബർ |
| --- | --- |
| • ഒരേ തരം സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു<br>• സങ്കലന വ്യവകലനങ്ങൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു<br>• സംഖ്യാ പാറ്റേണുകൾ രൂപീകരിക്കുന്നു (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത വ്യത്യാസമുള്ളവ കണ്ടെത്തൽ പ്രായോഗിക പ്രശ്നം ഉദാഹരണം) 5..10..15..20..25 (5 വീതം കൂട്ടിയാൽ പാറ്റേൺ കണ്ടെത്താം) | • നീളത്തിലെ തിരിച്ചറിവ് (ചാൺ, ചാൺ)<br>• പ്രായോഗിക പ്രശ്നപരിഹാരത്തിനായി [illegible] [illegible], [illegible] തുല്യ [illegible] ഉപയോഗിക്കുന്നു.<br>• 'കാൽ ലിറ്റർ' ഉൾപ്പെടുന്ന പ്രശ്നം നിർധാരണം ചെയ്യുന്നു<br>• നാണയങ്ങളും നോട്ടുകളും തിരിച്ചറിഞ്ഞ് ഒരു [illegible] സംഖ്യ രൂപീകരിക്കുന്നു.<br>10 രൂപ + 5 രൂപ = 15 രൂപ എന്ന് [illegible] |
| ഡിസംബർ | ജനുവരി |
| • സംഖ്യാബോധം തിരിച്ചറിവ് സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ<br>• നീളം വില പ്രശ്നം പരിഹരിക്കുന്നതിനായി (ക്ലോക്കിലെ [illegible], [illegible] [illegible])<br>• രണ്ടക്കസംഖ്യകളുടെ [illegible] കണക്കാക്കാനായി വ്യത്യസ്തരീതികൾ ഉപയോഗിക്കുന്നു. | • വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പ്രശ്നം നിർധാരണം ചെയ്ത് നിഗമനങ്ങളിലെത്തൽ<br>• സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ |

| ഫെബ്രുവരി | മാർച്ച് |
| --- | --- |
| • ഗണിതം ആസ്വാദ്യകരമാക്കാൻ ഇടപെടലുകളിൽ ഗണിതാലാപനം നടത്തൽ<br>• ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കുട്ടികളിൽ ഇഷ്ടമാക്കി വിജയം കൈവരിക്കൽ | • കലണ്ടർ പരിചയം ഉണ്ടാക്കൽ<br>• കലണ്ടറിൽ ചുവന്ന നിറ കളങ്ങളും കറുത്ത നിറ കളങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ<br>• കലണ്ടർ സംഖ്യാ ബോധങ്ങൾ പാറ്റേണുകൾ സൃഷ്ടിക്കൽ<br>• കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ<br>• ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളിലൂടെ തന്നെ കാര്യം ചെയ്യാൻ പ്രാപ്തരായി മാറുക. |

# English

Aim : To speak, Read, & write English without any mistakes

Time : June, July, August

## June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities, 2 conversations skit stories.

Use ICT

Speaking skills

Descriptions, growing sentences, picture reading, picture description self introduction Assembly activities - speech, book review, quiz riddles, self introduction. School radio etc.

## July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. Collect and read past tense, rhyming words, describing words etc. Textbook activities.

Writing skills

Make word web, picture description, word chain sentence chain, make words & sentences make riddles conversation, Add more lines, develop story, descriptions notice proclamation, diary letter Announcement, magazines.

# ഉർദു അക്കാദമിക്
# മാസ്റ്റർ പ്ലാൻ- 2025-26

## യു.പി. തലം

School: Madrasa Sirajul Uloom U.P. School

Name of the Urdu Teacher: Muhammed Ashraf K.K.

# ആമുഖം

ഇന്ത്യയിൽ ജനിച്ച്, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഖഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മത സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

[illegible]......സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പാഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസരഹിതവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെക്കുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ലക്ഷ്യം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഠനം ആഘോഷം മധുരം<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | മേര അൽഫാസ്<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ തികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്ന ലക്ഷ്യ പൂർത്തീകരണത്തിനു, കുട്ടികളിലെ സർഗ്ഗാത്മകത | മാസം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം. | | | | |
| 3 | e-ദുനിയ ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | ഖസാന-എ ഇൽമ് പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | മുശാഇറ | ഉർദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | ഹം മിലേ ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 14 | ഉർദു കൈ മോത്തിയാം ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |



jibin550@gmail.com

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *ജോടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |



jibin550@gmail.com

# അക്കാദമിക് മാസ്റ്റർ

# പ്ലാൻ - ഹിന്ദി

# 2025 - 26

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| ലക്ഷ്യം | മേഖല | പ്രവർത്തനങ്ങൾ | | കാലം |
|---|---|---|---|---|
| എല്ലാ കുട്ടികളും ഹിന്ദി ഭാഷ എഴുതാനും വായിക്കുവാനും പ്രാപ്തരാക്കുക | അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുക | അക്ഷരമാല കോപ്പിയെഴുത്ത്, വാക്കുകളിൽ നിന്ന് അക്ഷരങ്ങൾ കണ്ടെത്തുക | ഫ്ലാഷ് കാർഡ്, ചാർട്ട്, ചിഹ്നങ്ങളുടെ ചാർട്ട് | June<br>July |
| | ഹിന്ദി വായന | വായനകാർഡ്, ചിത്രകഥ, വർക്ക്ഷീറ്റ്, പദങ്ങൾ വായിപ്പിച്ച് അവ ചേർത്ത് വാക്യങ്ങളാക്കി വായിപ്പിക്കുക, വ്യക്തി വായന പ്രോത്സാഹിപ്പിക്കുക | പാഠപുസ്തകങ്ങൾ ബാലഗീതങ്ങൾ ചിത്രകഥകൾ | August<br>September |
| | എഴുത്ത് | അക്ഷരകാർഡ് നിർമ്മാണം, പദകാർഡ് നിർമ്മാണം, പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പിബുക്കിലേക്ക് പകർത്തുക | കോപ്പിബുക്ക് A4 പേപ്പർ കഥകൾ, കവിതകൾ | October<br>November |

| മേഖല | പ്രവർത്തനങ്ങൾ | | കാലം |
| --- | --- | --- | --- |
| വാക്യങ്ങൾ നിർമ്മിക്കുക | ചിത്രങ്ങൾ ഉപയോഗിച്ച് വാക്കുകൾ, അവ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക, സംഭാഷണങ്ങൾ നിർമ്മിക്കുക, കഥകൾ ചിത്രകഥ രൂപത്തിലേക്കും, സംഭാഷണരൂപത്തിലേക്കും മാറ്റുക | ചിത്രങ്ങൾ, ചാർട്ടുകൾ, C.D കൾ, വീഡിയോകൾ | December January |
| ദിനാചരണങ്ങൾ | ഹിന്ദിദിനം, പരിസ്ഥിതിദിനം ശിശുദിനം തുടങ്ങിയ പ്രാധാന്യമുള്ള ദിനങ്ങളിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും | I.C.T ചാർട്ടുകൾ, ചിത്രങ്ങൾ | February |
| സർഗാത്മക രചന | ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കും. | സുരീലിഹിന്ദി I.C.T | March |

M.S U.P.S

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവ സരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതി നായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജന പ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്ര ങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷ ണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂല കങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിക്സ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം** സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്, സർവ്വേ)** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്നു. മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip** ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# Academic Master Plan

# MATHEMATICS

2025-26

Name of the teacher: ABIN REMESH

subject : MATHEMATICS

class : IV, V, VI, VII

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മദ്രസ സിറാജുൽ ഉലൂം യു.പി. സ്കൂൾ

## ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങൾ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം ഈ രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താത്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തി ചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി സഹായകരമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച് ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്തയോടൊപ്പം ഹരണ ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗണിത ക്ലിനിക്ക്

**ലക്ഷ്യം** :- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു.

**പ്രവർത്തനങ്ങൾ**

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുകയും കുട്ടികളെ തരം തിരിച്ച് ഗണിത അധ്യാപകരും മുന്നോക്കം നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുകയും പ്രത്യേക ക്ലാസ്സുകളും വർക്ക്ഷീറ്റുകളും നൽകുന്നു. ഒരു മാസത്തിനുശേഷം ടെസ്റ്റ് നടത്തി നിലവാരം പരിശോധിച്ച് അതനുസരിച്ച് കുട്ടികളെ തരംതിരിക്കുന്നു.

**കാലയളവ്**

ജൂൺ മുതൽ ആഴ്ചയിൽ ഒരു പീരിയഡ് വെച്ച് ഒരു വർഷം മുഴുവൻ.

**ചുമതല**

ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും

## ജൂൺ - ജൂലായ്

യൂണിറ്റ് 1 - രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമാണം, തോണി നിർമ്മാണം (പേപ്പർ A4)

വെജിറ്റബിൾ പ്രിന്റിംഗ്

ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

## ജൂലായ് . ആഗസ്റ്റ്

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശിൽപശാല നിർമ്മിക്കേണ്ടത്.

1 മുതൽ 100 വരെ എഴുതിയ ടോക്കൺ

കളിനോട്ടുകൾ

ഓരോ നോട്ടുകളും 10 എണ്ണം വീതം

കമ്പ് കെട്ടുകൾ

മംഗ്വാ സ്ട്രിപ്പുകൾ

അബാക്കസ് നിർമ്മാണം.

## ആഗസ്റ്റ് സെപ്റ്റംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം.

ഒക്ടോബർ

സ്ക്വാഷിൻ നിർമ്മാണം

കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം ക്യാമ്പ്

നവംബർ, ഡിസംബർ

ഗുണന വസ്ത്ര കാർഡ് നിർമ്മാണം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ജൂൺ, ജൂലൈ, ആഗസ്റ്റ്

ലക്ഷ്യം

* അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുക
  കൂട്ടൽ, കുറക്കൽ, ഗുണിക്കൽ, ഹരിക്കൽ
* ഗണിതലാബ് സജ്ജീകരണം (ഗണിത മൂല)

പ്രവർത്തനങ്ങൾ

1, പ്രീടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. ഗ്രൂപ്പാക്കിത്തിരിച്ച് ഓരോ ഗ്രൂപ്പിനെയും ക്ലാസിലെ മിടുക്കരായ വിദ്യാർത്ഥികളെ ഏൽപ്പിക്കുന്നു. ഗണിതാധ്യാപകന്റെ മേൽനോട്ടത്തിൽ പ്രശ്ന പരിഹാരം നടത്തുന്നു.

2, കൃത്യമായ ഇടവേളകളിൽ വിലയിരുത്തൽ നടത്തുന്നു.

3, തുടർ പ്രവർത്തനം നടത്തുന്നു.

ചുമതല ഗണിത അധ്യാപകന്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല കളി രീതിയിലൂടെ അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർകാർഡ്സ്, മഞ്ചാടി, ...) | ജൂൺ, ജൂലായ് | ഗണിത അദ്ധ്യാപകർ | |
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |
| ചതുഷ്ക്രിയകൾ ഉറപ്പ് വരുത്തുന്നു. | പലതരം കളികളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പാക്കുന്നു.<br>→ ഏണിയും പാമ്പും<br>→ കാർഡ് കളി<br>→ ഡോമിനോ കളി<br>→ മഞ്ചാടി, മുത്ത് പെറുക്കിയെടുക്കൽ<br>→ ഗുണന പട്ടിക ചൊല്ലൽ<br>→ 007 കളി<br>→ മിഠായി വീതം വെക്കൽ | ജൂൺ- ജൂലായ് | ഗണിത അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതാഭിമുഖ്യം വളർത്തുന്നതിന് | → ഗണിത ലാബ് സജ്ജീകരിക്കുന്നു.<br>→ ക്ലാസ്സിൽ ഗോദനാർ<br>→ കരിക്കാളി വില്പനശാല<br>→ ക്ലബ് രൂപീകരണം, പ്രവർത്തനങ്ങൾ | ജൂൺ - ജൂലായ് | ഗണിത അധ്യാപകർ | 1000/- |

മദ്രസ സിറാജുൽ ഉലൂം എ. പി. സ്കൂൾ

അണയിട്ക്ക്

2025-26

അറബിക് അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് :1

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായത്തിന് |
|---|---|---|---|---|---|
| 1 | അറബി ഭാഷയുമായി പരിചയം ഉണ്ടാകുക. ഭാഷയോട് ഇഷ്ടം ജനിപ്പിക്കുക. സംസാരിക്കാനുള്ള താൽപര്യം ഉണ്ടാക്കുക. ഒരുക്കുക | • ഐ ടെക്സ്റ്റ് ഉപയോഗിച്ച് അറബിയിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക • ക്ലാസിൽ അറബി സംഭാഷണം അധികരിപ്പിക്കുക | ജൂൺ to മാർച്ച് | അധ്യാപകർ അറബിക് ക്ലബ് | അധ്യാപകർ PTA |
| 2 | അക്ഷര വ്യത്യാസം മനസ്സിലാക്കുക | • അക്ഷര വായന • ക്ലാസ് വായന • ചിത്ര വായന • വീട്ടു വായന • അക്ഷര കാർഡ് ഉപയോഗിച്ച് വിവിധ തരം കളികൾ ✓ • ഐ വായന | ജൂൺ മാർച്ച് | | |
| 3 | പദ നിർമ്മാണം | അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് | ജൂൺ മാർച്ച് | | |

ക്ലാസ്: 2.

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | [illegible] |
|---|---|---|---|---|---|
| 1 | അക്ഷരങ്ങൾ കൂട്ടി വായിക്കാൻ പ്രാപ്തരാക്കുക | • ഓരോ ക്ലാസിലും പിരീഡിലും ആദ്യ പത്ത് മിനിട്ട് പുസ്തക വായന<br>• പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>• സംഭാഷണങ്ങൾ അഭിനയിപ്പിക്കുക. | ജൂൺ മാസം | അധ്യാപകർ | [illegible] |
| 2 | ക്ലാസിന് മധുരം | വായന ലോകത്തേക്ക് കൊണ്ടുവരാൻ തെരഞ്ഞെടുത്ത ലളിതമായ പുസ്തകങ്ങൾ വായിപ്പിക്കുക<br>ആദ്യം കൂട്ടവായന പിന്നീട് ഒറ്റയ്ക്ക് വായിപ്പിക്കുക.<br>പ്രോത്സാഹന സമ്മാനം നൽകുക | ജൂൺ മാസം | | |
| 3 | പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പിന്തുണ നൽകുക | അക്ഷരങ്ങൾ തിരിച്ചറിയുന്ന ഉപായം [illegible] കുട്ടികൾക്ക് പ്രത്യേക പരിശീലനം, അക്ഷര കാർഡുകൾ തുടങ്ങിയവ നൽകുക. | ജൂൺ മാസം | | |

ക്ലാസ്: 4

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 വായന ശീലം വളർത്തുക | • ദിവസവും ക്ലാസിൽ വായന നടത്തുക<br>• വായന കാർഡ് നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം.<br>• വർക്ക് ഷീറ്റ് | ജൂൺ മാർച്ച് | | അധ്യാപക PTA |
| 2 കയ്യെഴുത്ത് മെച്ചപ്പെടുത്തുക | നിരന്തര നോട്ട് ബുക്ക് പരിശോധിച്ച് തെറ്റുതിരുത്തുക തെറ്റുള്ള കുട്ടികൾക്ക് കൂടുതൽ വർക്ക് ഷീറ്റ് നൽകുക | ജൂൺ മാർച്ച് | | |
| 3 അറബി ഭാഷയിൽ അടിസ്ഥാന നിലവാരം നേടുക | ക്ലാസിൽ സംഭാഷണങ്ങൾ അറബിയിൽ കൊണ്ടുവരിക<br>• ലൈബ്രറി ബുക്ക് വായന<br>• മൗന വായന<br>• ചിത്ര വായന<br>• ലൈബ്രറി വായന | ജൂൺ മാർച്ച് | അധ്യാപകൻ അറബിക് ക്ലബ് | |
| 4 ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുക | ദിവസം ഒരു ക്വിസ് ചോദ്യവും ഉത്തരവും നൽകുന്നു. | ജൂൺ മാർച്ച് | അധ്യാപകൻ അറബിക് ക്ലബ് | |

ക്ലാസ്: 3

| | ലക്ഷ്യങ്ങൾ | ഉപവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തി |
|---|---|---|---|---|---|
| 1 | സ്വതന്ത്രമായ വായനക്ക് പ്രാപ്തരാക്കൽ | • ദിവസവും ക്ലാസിൽ പിരീഡ് 10 മിനിട്ട് വായന<br>• ക്ലാസിൽ ലൈബ്രറി സംഭരണം നടത്തി വായിപ്പിക്കുക. ദിവസവും പുതിയ പാഠങ്ങൾ പരിചയപ്പെടുത്തുക | ജൂൺ മാർച്ച് | അധ്യാപകർ ക്ലാസിൽ ഉള്ള | [illegible] PTA |
| 2 | വാക്യങ്ങൾ തെറ്റു കൂടാതെ എഴുതാനും ഉള്ള ശേഷി വർദ്ധിപ്പിക്കുക | ഇടവേള സമയങ്ങളിൽ കേട്ടെഴുത്ത് നടത്തുക. തെറ്റുകൾ തിരുത്തി എഴുതാൻ പാകപ്പെടുത്തുക | ജൂൺ മാർച്ച് | അധ്യാപകർ | [illegible] PTA |
| 3 | ആസ്വാദന സഭ | പാടാനും പറയാനും കഴിവുള്ള മികച്ച പ്രതിഭകളെ കണ്ടെത്തുക | ഓണം | അധ്യാപകർ | |
| 4 | ഒരു ദിവസം ഒരു അറിവ് പദ്ധതി | ദിവസവും ഒരു ചോദ്യവും ഉത്തരവും നൽകുക. | | | |